79944

ഫ. മുവാറ്റുപുഴവാലിസ്കീം,
ഗ. ചേരാനെല്ലൂർ സ്കീം,
ഭ. വാഴപ്പള്ളി സ്കീം,

എന്നീ നാല് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ തുടങ്ങിയിട്ടുണ്ട്. കൂടാതെ ഫുഡ് പ്രൊഡക്ഷൻ കമ്മിറ്റിയുടെ ശുപാർശയനുസരിച്ച് നിരവധി കുളങ്ങൾ നന്നാക്കുന്ന ജോലികളും ആരംഭിച്ചിട്ടുണ്ട്.

(ബി) ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കുവേണ്ടി ൧,൭൫,൫൦൦ രൂപ ചെലവായിട്ടുണ്ട്.

(സി) പദ്ധതികളെല്ലാം പൂർത്തിയാകാത്തതുകൊണ്ട് കൂടുതലുണ്ടായ വിളവിന്റെ ശരിയായ കണക്കുകൾ ശേഖരിച്ചിട്ടില്ല.

ശ്രീ. കെ. ആർ. ഇലങ്കത്ത്: പൂർത്തിയാക്കിയ പദ്ധതികളിൽനിന്നും എത്രമാത്രം വിളവ് കിട്ടിയിട്ടുണ്ട്?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: വിളവിനെപ്പറ്റിയുള്ള സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുവാൻ സാധിച്ചിട്ടില്ല. It may not be always possible to assess, because, as Hon'ble Members of the House would very well realise the crop would vary in relation to the condition of the weather.

മൈനർ ഇറിഗേഷൻ പദ്ധതി

*൯൯൩. (൩൭) ശ്രീമതി ദേവകിഗോപിദാസ്: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട കൃഷികാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

൧൯൫൪-ൽ എത്ര സ്ഥലത്തു കൂടുതലായി മൈനർ ഇറിഗേഷൻ പദ്ധതി ഏർപ്പെടുത്തണമെന്നു ഗവൺമെണ്ടു വിചാരിക്കുന്നുവെന്നു പറയാമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ഉദ്ദേശം ൧,൫൦൦ സ്ഥലങ്ങളിലായി കുളങ്ങൾ, ചാലുകൾ, തോടുകൾ മുതലായവ നന്നാക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നതിനുള്ള മൈനർ ഇറിഗേഷൻ പദ്ധതികൾ ഏർപ്പെടുത്തണമെന്നാണ് ഗവൺമെണ്ടു വിചാരിക്കുന്നതു്.

ശ്രീമതി ദേവകിഗോപിദാസ്: മൈനർ ഇറിഗേഷൻ പദ്ധതികൾക്കു് റെക്കമെൻഡു ചെയ്യേണ്ടതു് ആരാണു്?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: മൈനർ ഇറിഗേഷൻ പദ്ധതികൾ ഇവിടത്തെ ഫുഡ് പ്രൊഡക്ഷൻ ബോർഡ് റെക്കമെൻഡുചെയ്യാണ് ഗവൺമെണ്ടിലേക്കു് അയച്ചുതരിക്കുന്നതു്.

ഒരു പത്രപ്രസ്താവന

***994.** [38] **Sri. C. V. Iyyu:** Will the Hon'ble Minister for Communications be pleased to state.—

whether he has noted the article reproduced hereunder in Col. 3 on page 4 of the Express (Trichur) dated 25th February 1950?

എക്സ്പ്രസ്സ്
ചിറ്റാലിന്നാറമില്ല
തൃശ്ശൂർ, കുംഭം ൧൩.

ഒരു പ്രധാന പൗരൻ എഴുതുന്നു.—

ഇപ്പോഴത്തെ തീവണ്ടിസമയം നമ്മുടെ വിലപിടിച്ച സമയം വളരെയധികം നശിപ്പിച്ചുകളയുന്നുണ്ട്. കൊച്ചിശ്ശീമയിൽനിന്നു കോഴിക്കോട്ടെയ്ക്കോ, പാലക്കാട്ടെയ്ക്കോ പോകേണ്ടതായ ഒരാൾ ഷൊർണ്ണൂരിൽ ചെന്നാൽ സാധാരണയായി ഒന്നരരണ്ടു മണിക്കൂർ അവിടെകിടന്നു നട്ടംതിരിയണം. അതുപോലെതന്നെ ഇങ്ങോട്ടു പോരുമ്പോഴും. മിക്ക വണ്ടികൾക്കും ഉടനടി കണക്ഷൻ ഇല്ല. മദ്രാസിൽനിന്നുള്ള വണ്ടികൾക്ക മാത്രമായിരുന്ന ഇതെങ്കിൽ കുറെയൊക്കെ സാധൂകരിക്കാമായിരുന്നു. എന്നാൽ സ്ഥിതി അതല്ല. കോഴിക്കോട്ടുനിന്നു ഷൊർണ്ണൂരിൽ വന്നെത്തുന്ന ഓരോ വണ്ടിക്കും പാകത്തിനു ഉടനടി ഹാർബറിലേക്കു പുറപ്പെടത്തക്കവണ്ണം, ഷൊർണ്ണൂർ ഹാർബർ ടെർമിനസ് സെക്ഷനിലെ സമയവിവരം ഭേദപ്പെടുത്തുന്നതിനു എന്താണ് തടസ്സം? ഇതിനുമുമ്പ് പല നിവേദനങ്ങളും ഈ വിഷയം

LIBRARY ARCHIVES Kerala Legislative Assembly

ക്ഷയത്തിൽ നടത്തായ്കയല്ല. ഫലം ശൂന്യമെന്നമാത്രം. അധികൃതന്മാർ അല്ലെന്നൊന്ന ശ്രദ്ധി ക്കുന്നപക്ഷം (ദക്ഷിണ കേരളത്തിലെ ഒരു മന്ത്രി പല്ലവിയായി പറയാറുള്ള) 'ചിറാലിന്ന റമില്ല' എന്ന ഈ നില എളുപ്പത്തിൽ മാറാൻ കഴിയുമല്ലൊ. വില്ലിംഗ്ടൺ ഐല ൻറിൽവച്ച് മാത്രം ഒരു ദിവസം നടക്കാൻ പോകുന്ന റെയിൽവെ റിജിയനൽ കമ്മിറ്റിയിൽ ഇക്കാര്യം ചർച്ചാവിഷയമാക്കാമോ ?

Sri. E. John Philipose : Government have addressed the Railway authorities about the inconvenience referred to in this article.

ശ്രീ. കോന്നാത്തു കുഞ്ഞിരാമമേനോൻ : അഡ്രസ് ചെയ്തിട്ട് മറുപടി വല്ലതും കിട്ടിയിട്ടുണ്ടോ ?

Sri. E. John Philipose : It was only when this was brought to the notice of the Government that Government decided to address the Railway authorities. Government have not yet received any reply.

ട്രാൻസ്പോർട്ട് ബസ്സുകൾ

*൯൯൪. (൯൯) ശ്രീ. ഇട്ടീര അമ്മുക്കൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഗവണ്മെണ്ട് ട്രാൻസ്പോർട്ട് ബസ്സുകൾ ഏതു കമ്പനികളിൽനിന്നുമാണ് എടുത്തിട്ടുള്ളത് ;

(ബി) ൧൯൪൯, ൧൯൫൪, ൧൯൫൯ എന്നീ വർഷങ്ങളിൽ പുതിയതായി എടുത്തിട്ടുള്ള ട്രക്കുകളുടെ എണ്ണം എത്ര ;

(സി) ഇവ ഏതു കമ്പനിക്കാർ നിർമ്മിച്ചിട്ടുള്ളവയാണ് ;

(ഡി) പുതിയ ട്രക്കുകൾ എടുത്തതിനു് ഏതെങ്കിലും പ്രാദേശികവിതരണക്കമ്പനികൾക്കു കമ്മീഷൻ നൽകുകയുണ്ടായോ ;

(ഇ) ഉണ്ടെങ്കിൽ ഓരോ ഇനത്തിൽ കൊടുത്ത രൂപയെത്ര ; ഏതു കമ്പനികൾക്കാണ് പ്രസ്തുത സംഖ്യ കൊടുത്തിട്ടുള്ളത് ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ് :

(എ) ൧൯൪൯ മുതൽ ൧൯൫൯ വരെ താഴെ പറയുന്ന കമ്പനികളിൽനിന്നു ബസ്സുകൾ വാങ്ങിയിട്ടുണ്ട്.

(i) The Stanes Motors.
(ii) The Marikar Motors Ltd.
(iii) R. S. A. Ramakrishnan Chettiar & Sons.
(iv) The Kolathunkal Corporation.

(ബി) ൧൯൪൯-ൽ, ൨൫ ഷേസ്സിസ്സ് ; ൧൯൫൪-ൽ, ൧൦൦ ഷേസ്സിസ്സ് ; ൧൯൫൯-ൽ, ൯൭ ഷേസ്സിസ്സ്.

(സി)

(i) The General Motor Corporation.
(ii) Ford Motors Ltd.
(iii) Studebaker Company.
(iv) International Harvester Co.

ഇവരുടെ കയ്യിൽനിന്നും അവരുടെ ഏജൻസി മുഖാന്തിരം ഓണ് വാങ്ങിയിട്ടുള്ളത്.

(ഡി) ഇല്ല.

(ഇ) ഡിയുടെ ഉത്തരംകൊണ്ട് ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ഇട്ടീര അമ്മുക്കൻ : ഇവയെല്ലാം ഗവണ്മെണ്ടിൽനിന്നും നേരിട്ട് എടുക്കാമായിരുന്നില്ലേ ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ് : നേരിട്ടാണ് ഗവണ്മെണ്ട് എടുത്തത്.

ശ്രീ. ഇട്ടീര അമ്മുക്കൻ : ഏജൻറ്മാർക്ക് കമ്മീഷൻ കൊടുത്തില്ലേ ?

Sri. E. John Philipose : The Government purchases on a rebate.

ശ്രീ. ഇട്ടീര അമ്മുക്കൻ : ഏജൻറ്മാർക്ക് കമ്മീഷൻ കിട്ടുകയില്ലേ ?

Sri. E. John Philipose : Quite possible.

Sri. K. P. Nilakanta Pillai : May I know how many buses or chassis were purchased during 1124 and 1125 from these different companies ?

LIBRARY ARCHIVES Kerala Legislative Assembly